പഴം-പച്ചക്കറി കൃഷി

നിലം ഒരുക്കൽ/തടം എടുക്കൽ

ഭൂവികസനം

കയ്യാല നിർമ്മാണം, ജൈവവേലി/പുല്ല് വച്ച് പിടിപ്പിക്കൽ, തെങ്ങിൻ തടം തുറക്കൽ, പുതക്കുനയിടീൽ, മണ്ണ് കൂട്ടൽ

തോട്ടകൃഷി

ഭൂവികസനം, കോണ്ടൂർ ബണ്ടിംഗ്, നിലംഒരുക്കൽ, തട്ടുതിരിക്കൽ, നീർച്ചാൽ/ മഴക്കുഴി നിർമ്മാണം.

കേരള ഹോർട്ടികൾച്ചറൽ മിഷൻ

148 (1517) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ആറളം ഫാമിംഗ് കോർപ്പറേഷന്റെ ഭൂമിയിൽ കേരളാ ഹോർട്ടികൾച്ചറൽ മിഷൻ കൃഷി നടത്താൻവേണ്ടി എത്ര രൂപ എന്തിനെല്ലാം വേണ്ടി ചെലവഴിച്ചു വെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത മിഷന്റെ പ്രവർത്തനത്തിനായി നിയോഗിച്ച തൊഴിലാളികൾ എത്രയെന്നും ഇതിൽ ആദിവാസികൾ എത്രയെന്നും വിശദമാക്കുമോ ;

(സി) കൃഷി നടത്തിപ്പിലൂടെ പ്രതിവർഷം എത്ര രൂപയുടെ ലാഭമാണ് മിഷൻ ലക്ഷ്യമിട്ടിട്ടുള്ളതെന്നും ഏത് വർഷംമുതൽ ലാഭം ലഭിച്ചുതുടങ്ങുമെന്നും വിശദ മാക്കുമോ ;

(ഡി) ഇവിടെ എത്ര ഏക്കറിൽ കരിങ്കൽ ക്വാറി പ്രവർത്തിക്കുന്നു ?

ഉത്തരം

(എ) ആറളം ഫാമിംഗ് കോർപ്പറേഷന് ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 24,89,908 രൂപ ചെലവിൽ 4 ഹെക്ടർ വിസ്തൃതിയുള്ള ഒരു മാതൃകാ നഴ്സറി സ്ഥാപിക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ അനുമതി നൽകിയിരുന്നു. എന്നാൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ ഇതിനായി ഇതുവരെ ചെലവഴിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ, ദേശീയ ഔഷധസസ്യമിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 250 ഏക്കറിൽ അശോകം, 150 ഏക്കറിൽ കുവളം, 250 ഏക്കറിൽ കമിഴ്, 125 ഏക്കറിൽ തിപ്പലി, 62.5 ഏക്കറിൽ ശതാവരി എന്നിവ കൃഷി ചെയ്യുവാൻ വേണ്ടി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ 51,33,125 രൂപ ചെലവഴിച്ചു.

(ബി) ആറളം ഫാമിൽനിന്നും ലഭിച്ച വിവരമനുസരിച്ച് ഔഷധസസ്യ കൃഷിക്കായി 6845 തൊഴിൽ ദിനങ്ങൾ ഉണ്ടായിരുന്നു. ഇതിൽ ആദിവാസികൾക്ക് 3759 തൊഴിൽ ദിനങ്ങൾ ലഭിച്ചു.

(സി) മാതൃകാ നഴ്സറിയിൽ ഓരോ വർഷവും ഉത്പ്പാദിപ്പിക്കുന്ന 4.12 ലക്ഷം നടീൽ വസ്തുക്കളുടെ വിൽപ്പനമൂലം ആദ്യ വർഷം 145.53 ലക്ഷം രൂപയും രണ്ടാം വർഷം 149.59 ലക്ഷം രൂപയും വരുമാനമായി ലഭിക്കുമെന്നാണ് പ്രോജക്ട് കണക്കാക്കുന്നത്.

കൂടാതെ ഔഷധസസ്യ കൃഷിയിൽ നിന്ന് ഇപ്പോഴത്തെ വില നിലവാര മനുസരിച്ച് നന്നായി പരിപാലിക്കപ്പെടുകയാണെങ്കിൽ ഹ്രസ്വകാല വിളയായ തിപ്പലി രണ്ടാം വർഷം വിളവെടുക്കുമ്പോൾ 125 ഏക്കറിൽനിന്നും ഉദ്ദേശം 78 ലക്ഷം രൂപയും രണ്ടാം വർഷവിളയായ ശതാവരി 62.5 ഏക്കറിൽ വിളവെടുക്കുമ്പോൾ മൂന്നാം വർഷം ഉദ്ദേശം 84.24 ലക്ഷം രൂപയും ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. വൃക്ഷ വിളകളായ അശോകം, കമിഴ്, കുവളം എന്നിവ 7-8 വർഷം കഴിഞ്ഞേ വിളവെടുക്കാൻ സാധിക്കുകയുള്ളൂ. അതിനുശേഷം പ്രതിവർഷം 250 ഏക്കർ അശോകത്തിൽ നിന്നും ഉദ്ദേശം 6.5 കോടി രൂപയും 150 ഏക്കർ കുവളത്തിൽനിന്നും 38.06 കോടി രൂപയും 250 ഏക്കർ കമിഴിൽ നിന്നും 1 കോടി രൂപയും ലഭിക്കും. ശാസ്ത്രീയമായ കണക്കുകൂട്ടലുകൾ പ്രകാരം ഇരുപതു ലഭിക്കുമെന്നാണ് പ്രതീക്ഷ മേൽപ്പറഞ്ഞ തുകയെല്ലാം കമ്പോള നിലവാരത്തിന് അധിഷ്ഠിതമാണ്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വിഷാംശരഹിത പച്ചക്കറി ഉൽപ്പാദനം

149 (1518) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

സ്കൂളുകളിൽ കുട്ടികളെ പങ്കാളികളാക്കിക്കൊണ്ട് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷി ഭവൻ എന്തൊക്കെ സഹായങ്ങളാണ് ചെയ്യുവരുന്നത് ;